Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

7.11.2016

All Kerala Press Release
*Ref: 557/KCBC/K-6/KPR/DS*

# മനുഷ്യാവകാശ കമ്മീഷനിൽ രാഷ്ട്രീയ നേതാക്കളെ നിയമിക്കാനുള്ള നീക്കം ആശങ്കാജനകം

കൊച്ചി: ബിജെപി ദേശീയ ഉപാധ്യക്ഷൻ അവിനാശ് റായി ഖന്നയെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗമായി നിയമിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം ആശങ്കാജനകമാണ്. മനുഷ്യാവകാശ ലംഘനം പല രാഷ്ട്രീയ പാർട്ടികളുടെയും പ്രവർത്തനശൈലിയുടെ ഭാഗമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഒരു രാഷ്ട്രീയ പാർട്ടിയുടെ ദേശീയ ഉപാധ്യക്ഷനെ മനുഷ്യാവകാശ കമ്മീഷനിലേക്ക് നിയമിക്കുന്നത് കമ്മീഷന്റെ സ്വതന്ത്രമായ പ്രവർത്തനത്തെ ബാധിക്കുമെന്ന് കെസിബിസി ജാഗ്രതാ സമിതിയുടെ പിഒസിയിൽ ചേർന്ന യോഗം വിലയിരുത്തി. മനുഷ്യാവകാശ കമ്മീഷനിൽ പ്രവർത്തിക്കുന്നവർ ഉന്നത നീതിബോധം പുലർത്തുന്നവരും കക്ഷിരാഷ്ട്രീയ താത്പര്യങ്ങൾക്കതീതമായി മനുഷ്യാവകാശ സംരക്ഷണത്തിൽ തത്പരരുമായിരിക്കണം. ഉന്നത നീതിപീഠങ്ങളിൽനിന്നു വിരമിച്ച മുൻന്യായാധിപന്മാരും പ്രശസ്തരായ മനുഷ്യാവകാശ പ്രവർത്തകരും അംഗങ്ങളായ മനുഷ്യാവകാശ കമ്മീഷനിലേക്ക് ചട്ടം മറികടന്ന് ഒരു രാഷ്ട്രീയ നേതാവിനെ നിയമിക്കുന്നത് രാജ്യത്തിന്റെ ഉന്നത നീതിബോധനത്തിനും മനുഷ്യാവകാശ വീക്ഷണങ്ങൾക്കും നിരക്കുന്നതല്ലെന്ന് യോഗം വിലയിരുത്തി.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി. എസ്. റ്റി**
സെക്രട്ടറി, കെസിബിസി സോഷ്യൽ
ഹാർമണി ആന്റ് വിജിലൻസ് കമ്മീഷൻ

PRESIDENT
CARDINAL BASELIOS CLEEMIS
Major Archbishop - Catholicos
Major Archbishop's House,
Pattom, Trivandrum 695 004

VICE-PRESIDENT
MAR JOSEPH PERUMTHOTTAM
Archbishop's House,
Changanacherry

SECRETARY GENERAL
BISHOP JOSEPH KARIYIL
Bishop's House, Fort Kochi

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre